ശമീർ മദീനി

# അഞ്ച് (d)

# ദഅ്വത്തിനുവേണ്ടി കൂട്ടായ്മ...?

ശൈഖ് ഇബ്നു ബാസ്, ശൈഖ് അൽബാനി, ശൈഖ് സ്വാലിഹുൽ ഫൗസാൻ എന്നിവരുടെ അംഗീകാരത്തോടെ ജംഇയ്യത്തു ഇഹ്യാഇത്തുറാസിൽ ഇസ്‌ലാമി പ്രസിദ്ധീകരിച്ച അവരുടെ മാർഗരേഖയിൽ പറയുന്നു:

ونرى أن إقامة جماعة سلفية واضحة الأهداف إنما هي وسيلة لخدمة الدين والعمل على رعاية مصالح المسلمين, وتقديم الخير لهم, وليس ذلك من الحزبية التي نهى الشارع عنها, بل نرى أن ذلك من الوسائل الميسرة لخدمة الدين ونشره, والقيام بواجب الأمر بالمعروف والنهي عن المنكر, وخاصة في البلدان التي اهملت هذه الفريضة ولم ترعها حق رعايتها, ونرى أن مناصرة أهل الحق ضرورة, وتكثير سوادهم مما حث الشارع عليه, لذلك ندعو كل مسلم أن يكثر سواد إخوانه ويجانب أهل البدع والأهواء. (منهاج جمعية إحياء التراث الإسلامي الطبعة الثانية وهو منهاج مزكى من سماحة الشيخ عبد العزيز بن باز والشيخ محمد ناصر الدين الألباني والشيخ صالح الفوزان وآخرين. ص: ٤١)

വ്യക്തമായ ലക്ഷ്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന സലഫി സംഘടന മതസേവനത്തിനും മുസ്‌ലിംകൾക്ക് നന്മകൾ അർപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഞങ്ങൾ മനസ്സിലാക്കുന്നു. അത് ദീൻവിലക്കിയ കക്ഷിത്വത്തിൽപെടുകയില്ല. പ്രത്യുത മതപ്രബോധനത്തിനും സേവനത്തിനും നന്മ കൽപിക്കുക തിന്മ വിരോധിക്കുക എന്ന ബാധ്യത നിർവഹിക്കുന്നതിനുമുള്ള സൗകര്യപ്രദമായ മാർഗമാണത്.

പ്രത്യേകിച്ച് ഈ ബാധ്യതയെ അവഗണിച്ച വേണ്ടവിധത്തിൽ അതിനെ പരിഗണിക്കാത്ത നാടുകളിൽ സത്യത്തിന്റെ ആളുകളെ സഹായിക്കൽ നിർബന്ധമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവരുടെ അംഗബലം വർധിപ്പിക്കലും മതം പ്രോത്സാഹിപ്പിച്ച കാര്യമാണ്. അതിനാൽ ഓരോ മുസ്‌ലിം സഹോദരങ്ങളെയും (സത്യത്തിന്റെ കക്ഷിയുടെ) അംഗബലം വർധിപ്പിക്കുന്നതിനും ഇഛകളുടെയും ബിദ്അത്തുകളുടെയും ആളുകളെ കയ്യൊഴിക്കുന്നതിനും ഞങ്ങൾ

ക്ഷണിക്കുകയാണ്. (മിൻഹാജു ജംഇയ്യത്തി ഇഹ്‌യാഇത്തുറാസിൽ ഇസ്‌ലാമി പേ.41)

ശൈഖ് ഇബ്നുബാസ്നോട് സുഡാനിലെ അൻസ്വാറുസ്സുന്ന എന്ന സംഘടനയെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അതിന് നൽകിയ മറുപടി കാണുക.

س:ما حكم قيام هذه الجماعة– أي جماعة أنصار السنة المحـــمدية في السودان– في بلد خلا من وجود الإمام العادل الذي يطبق شر ع الله عز وجل ويقوم بو اجب الدعوة إلى الله عز وجل؟

ചോദ്യം: ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കാത്ത, അല്ലാഹുവിലേക്കുള്ള ദഅ്‌വത്ത് എന്ന ബാധ്യത നിർവഹിക്കാത്ത ഒരു നാട്ടിൽ അൻസ്വാറുസ്സുന്നയെപോലുള്ള സംഘടനയുടെ മതവിധിയെന്താണ്?

ج:فإن جماعة أنصار السنة المحمدية في السودان معروفة لدي من دهر طويل, من شرات السنين وهي مشـــكورة العمل ,مشـــكورة السيرة فيما أعلمه وفيما ثبت عندي, ونسأل الله أن يضاعف مثوبتها ويؤيدها من كل خير ....... وهذا السؤال جوابه أن يقال أن وجود هذه الجماعة في السودان من نعم الله العظيمة ومن رحمة الله بـــال ســـودان, أن يوجد فيها من ينتصب للدعوة إلى الله, يلتزم بأحـــكام الشريعة........ وأنا بنفسه أهنئ الشعب السوداني بهذه الجماعة, وأسأل الله أن ينفعهم بها وأن يعين الجماعة على أداء واجبها....... ولا شك أن جماعة أنصار السنة في السودان وجماعة أنصار السنة في مصر لهما آثار عظيمة في الخير, وفي توجيه الناس إلى الخير وإإلى العقيدة السلفية فلا شك عندي أن هذه الجماعة جماعة طيبـــة ومفيدة نافعة, ولها آثار عظيمة في توجيه العامة إلى الخير وتحذير الناس من الشرك بالله, ودعوتهم إلى توحيد الله وإلى اتباع الســـنة والحذر من البدعة, نسأل الله أن يزيدهم من التوفيق والهداية.......

(حكم العمل الجماعي . ص: ٤٢ )

മറുപടി: സുഡാനിലെ 'അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ്യ' എന്ന സംഘടന വളരെകാലമായി എനിക്ക് സുപരിചിതമാണ്. ദശാബ്ദങ്ങളായിട്ട് ഞാനറിഞ്ഞിടത്തോളം അത് സ്തുത്യർഹമായ സേവനങ്ങളനുഷ്ഠിക്കുന്ന നല്ലൊരു പ്രസ്ഥാനമാണ്. സർവ്വനന്മകളിലൂടെയും അതിന് ശക്തി പകരുന്നതിനും തികഞ്ഞ പ്രതിഫലം നൽകുന്നതിനും അല്ലാഹുവിനോട് പ്രാർഥിക്കുന്നു... ഈ ചോദ്യത്തിനുള്ള

മറുപടി പറയുകയാണെങ്കിൽ സുഡാനിലെ ഈ സംഘടന അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളിൽപെട്ടതാണ്. അതായത് ദഅ്വത്തിന് സന്നദ്ധമായ, മതപരമായ വിധിവിലക്കുകൾ പാലിക്കുന്ന ഒരു വിഭാഗം അവിടെയുണ്ടാവുക എന്നത്'... ഞാൻ വ്യക്തിപരമായി സുഡാൻ ജനതയെ ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു. അത് അവർക്ക് പ്രയോജനപ്രദമാകുവാനും അവരുടെ ദൗത്യ നിർവഹണത്തിൽ സഹായിക്കുവാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു...

നിസ്സംശയം, സുഡാനിലെ അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ ഈജിപ്തിലെ അൻസ്വാറുസ്സുന്ന എന്നീ സംഘടനൾക്ക് നന്മ പ്രചരിപ്പിക്കുന്നതിൽ കാര്യമായ പങ്കുണ്ട്. ജനങ്ങളെ നന്മയിലേക്കും സലഫി ആദർശത്തിലേക്കും നയിക്കുന്നതിലും. എനിക്ക് യാതൊരു സംശയവുമില്ല ഈ സംഘടന ഉപകാരപ്രദമായ നന്മകളുള്ള നല്ല സംഘടനയാണ്. ജനങ്ങളെ ശിർക്കിൽനിന്ന് താക്കീത് ചെയ്യുന്നതിലും തൗഹീദിലേക്ക് ക്ഷണിക്കുന്നതിലും സുന്നത്ത് പിൻപറ്റുവാനും ബിദ്അത്ത് കയ്യൊഴിക്കാൻ പ്രേരിപ്പിക്കുന്നതിലും ഈ സംഘടനക്ക് വലിയ പങ്കുണ്ട്. അവർക്ക് ഹിദായത്തും തൗഫീഖും അധികരിപ്പിക്കുവാൻ അല്ലാഹുവോട് പ്രാർഥിക്കുന്നു... (ഹുക്മുൽ അമലിൽ ജമാഈ "സംഘടിത പ്രവർത്തനത്തിന്റെ മതവിധി" എന്ന ഗ്രന്ഥത്തിൽനിന്ന് പേജ്42).

ശൈഖ് റബീഅ് അൽമദ്ഖലി പറയുന്നു:

يقول الشيخ المدخلي: " فأقول إني إلى يومي هذا لا أعرف أحدا من السلفيين يحرم العمل الجماعي المشروع القائم على منهج الكتاب والسنة وما عليه المسلمون قديما وحديثا– وأكبر دليل على هذا واقع السلفيين في كل مكان, إذ لهم مدارس وجامعات لها إداراتها ومسؤليها وأساتذتها وميزانياتها, ولهم جمعيات في الهند وباكستان وبنجلاديش وغيرها. ....... ولأنصار السنة في مصر والسودان مدارس ومساجد وأعمال تقوم على العمل الجماعي, وفي اليمن مدارس ومساجد قائمة على العمل الجماعي, وما سمعنا من عالم أو طالب علم يحارب العمل الجماعي المشروع ويحرم ويبدع أهله. (جماعة واحدة لا جماعات وصراط واحد لا عشرات للشيخ ربيع بن هادي المدخلي : ص:٥٢،٥٣)

ഇന്നേദിവസംവരെ, ഖുർആനിന്റെയും ഹദീസിന്റെയും മാർഗരേഖയനുസരിച്ചുള്ള സംഘടിത പ്രവർത്തനം നിഷിദ്ധമെന്ന് പറഞ്ഞ ആധുകരും പൗരാണികരുമായ ഒരൊറ്റ സലഫീ പ്രവർത്തകനെയും

എനിക്കറിയില്ല. അതിന് ഏറ്റവും വലിയ തെളിവ് ഏത് സ്ഥലങ്ങളിലെയും സലഫികളുടെ സ്ഥിതിവിശേഷങ്ങളാണ്. അവർക്ക് വിദ്യാലയങ്ങളും സർവകലാശാലകളുമുണ്ട്. അവക്കെല്ലാം ഉത്തരവാദപ്പെട്ട ബോഡികളും ഉദ്യോഗസ്ഥന്മാരും അധ്യാപകരും അതിൻേറതായ ബജറ്റുകളുമുണ്ട്. <u>അവർക്ക് (സലഫികൾക്ക്) ഇന്ത്യയിലും പാക്കിസ്ഥാനിലും ബംഗ്ലാദേശിലും മറ്റും സംഘടനകളുമുണ്ട്....</u>ഈജിപ്തിലെയും സുഡാനിലേയും 'അൻസ്വാറുസ്സുന്ന'ക്ക് വിദ്യാലയങ്ങളും പള്ളികളുമുണ്ട്. സംഘടിതമായ പ്രവർത്തനങ്ങളുമുണ്ട്. യമനിലും അങ്ങനെതന്നെ. ഒരു സലഫി പണ്ഡിതനാക ട്ടെ വിദ്യാർത്ഥിയാകട്ടെ സംഘടിത പ്രവർത്തനത്തെ എതിർക്കുകയോ നിഷിദ്ധമെന്ന് പറയുകയോ അതിന്റെയാളുകളെ ബിദ്അത്തുകാരെന്ന് പറയുന്നതോ ആയി നാം കേട്ടിട്ടില്ല. (ജമാഅത്തുൻ വാഹിദ ലാജമാഅത്ത്.... പേജ് 52, 53).

തുടരും...